**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5223** **14-03-2023 - ൽ മറുപടിയ്ക്ക്**

**പ്രളയ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് വകുപ്പുതല അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പ്രളയ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഇവരുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | എറണാകുളം ജില്ലയിലെ പ്രളയ ദുരിതാശ്വാസ ഫണ്ട് വിതരണവുമായി ബന്ധപ്പെട്ട സാമ്പത്തിക ക്രമക്കേട് നടത്തിയെന്ന കുറ്റത്തിന് എറണാകുളം ജില്ലാ കളക്ടറേറ്റിലെ ക്ലാർക്കായ ശ്രീ. വിഷ്ണു പ്രസാദിനെ സേവനത്തിൽ നിന്നും ലാൻഡ് റവന്യൂ കമ്മീഷണർ സസ്പെൻഡ് ചെയ്തിട്ടുള്ളതും, ടിയാനെതിരെ കഠിന ശിക്ഷയ്ക്കുള്ള അച്ചടക്കനടപടി ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിച്ചു വരുകയുമാണ്. 01.01.2018 മുതൽ 03.02.2020 വരെ സി എം ഡി ആർ എഫ്-ലേയ്ക്ക് ലഭിച്ച സംഭാവനകളുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിൽ വീഴ്ചവരുത്തി എന്ന കുറ്റത്തിന് എറണാകുളം ജില്ലയിലെ മുൻ ഡെപ്യൂട്ടി കളക്ടർ ശ്രീ. കെ. ചന്ദ്രശേഖരൻ നായർ, മുൻ ജൂനിയർ സൂപ്രണ്ട് ശ്രീമതി. മീനാകുമാരി എസ് എന്നിവർക്കെതിരെ സർക്കാർ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. അച്ചടക്ക നടപടിയുടെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. ഔപചാരിക അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. 2018ലെ പ്രളയവുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിൽ കോഴിക്കോട് താലൂക്കിലെ പ്രളയദുരിതാശ്വാസ ഫണ്ട് ബിൽ തയ്യാറാക്കുന്നതടക്കമുള്ള ജോലിയിൽ നിയോഗിക്കപ്പെട്ട മുൻ നഗരം വില്ലേജ് ഓഫീസറും നിലവിൽ ജൂനിയർ സൂപ്രണ്ടായ ശ്രീ ഉമാകാന്തൻ . ഒ എന്നവർ തന്റെ ബന്ധുവായ ഒരു വ്യക്തിയുടെ അക്കൗണ്ടിലേക്ക് പ്രളയദുരിതാശ്വാസത്തിന് അർഹതയില്ലാതെ തന്നെ 16 തവണകളായി 77,600/-(എഴുപത്തി ഏഴായിരത്തി അറുനൂറ് രൂപ) മാറ്റി നിക്ഷേപിക്കുകയും അതുവഴി സർക്കാർ ഫണ്ട് അപഹരിച്ചതായി ബോധ്യപ്പെടുകയും ചെയ്തതിന്മേൽ കോഴിക്കോട് ജില്ലാകളക്ടർ ഗുരുതര ശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്കനടപടി സ്വീകരിക്കുകയും, ടിയാന്റെ വാർഷിക വേതന വർദ്ധനവ് മൂന്നു |

| | | | |
|---|---|---|---|
| | | | വർഷത്തേക്ക് സഞ്ചിത ഫലത്തോടെ തടഞ്ഞുവെച്ച് മേൽ അച്ചടക്കനടപടി തീർപ്പ കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നിലവിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | വിഷ്ണുപ്രസാദിനെതിരെ VC10/22/SCE, VC01/21/SCE നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള വിവരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അറിയിച്ചിട്ടുണ്ട്. ശ്രീ ഉമാകാന്തൻ .ഒ എന്നവർക്കെതിരെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, ഉത്തരമേഖല, കോഴിക്കോട് മുഖേന പ്രാഥമിക അന്വേഷണം നടന്നു വരുന്നുണ്ട്. |
| (സി) | പ്രളയ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് ഖജനാവിൽ എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | എറണാകുളം ജില്ലയിൽ പ്രളയ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറേറ്റിൽ നടത്തിയ പരിശോധനയിൽ 1,00,86,600/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതാണ്. ആയതിൽ 11,29,298/- രൂപ അന്വേഷണ ഘട്ടത്തിൽ സർക്കാരിലേയ്ക്ക് മുതൽ കൂട്ടായിട്ടുണ്ട് . കോഴിക്കോട് ജില്ലയിൽ പ്രളയദുരിതാശ്വാസത്തിന് അർഹതയില്ലാതെ തന്നെ 16 തവണകളായി 77,600 (എഴുപത്തി ഏഴായിരത്തി അറുനൂറ് രൂപ) മാറ്റി നിക്ഷേപിക്കുകയും അതുവഴി സർക്കാർ ഫണ്ട് അപഹരിച്ചതായി ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയത് സർക്കാർ ഖജനാവിൽ തിരികെ അടവ് വരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ